## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് - പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സ് രണ്ടാംഘട്ട നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1203/13/തസ്വഭവ തിരുവനന്തപുരം, തീയതി: 04.05.2013.

==================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) സ.ഉ (സാധാ)നം.1576/2011/തസ്വഭവ തീയതി 01.07.2011.

3) കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.06.2012-ലെ I (2), 1(3) നമ്പർ തീരുമാനങ്ങൾ.

4) കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2012-ലെ എ.1-1713/11 നമ്പർ കത്ത്.

5) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 16.07.2012-ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/199/2011 നമ്പർ വായ്പാ അനുമതി പത്രം.

6) പഞ്ചായത്ത് ഡയറക്ടറുടെ 01.02.2013-ലെ എഫ്.2-2465/13 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണത്തിനായി 18.75 ലക്ഷം (പതിനെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് പരാമർശം 2 സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ഷോപ്പിംഗ് കോംപ്ളക്സിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 18 ലക്ഷം രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (4) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ആയത് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സ് രണ്ടാംഘട്ട നിർമ്മാണത്തിനായി കുന്നത്തുനാട് താലൂക്കിൽ പട്ടിമറ്റം വില്ലേജ് ബ്ളോക്ക് നം. 34, സർവ്വെ നം.59/14-ൽപ്പെട്ട 04.05 ആർ സ്ഥലം ജാമ്യമായി നൽകിക്കൊണ്ടും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 12% പലിശ നിരക്കിൽ 18,00,000/- (പതിനെട്ട് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് കുന്നത്തുനാട്

ഗ്രാമപഞ്ചായത്തിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ